**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2101** **17.02.2016-ൽ മറുപടിയ്ക്ക്**

# വൈദ്യുതീകരിക്കാത്ത വീടുകൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളിൽ വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ ; | (എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളിൽ വൈദ്യുതീകരിക്കാത്ത വീടുകളുടെ ലഭ്യമായ കണക്കുകൾ താഴെ ചേർക്കുന്നു.<br><br>ഇടുക്കി - 857 വീടുകൾ<br>മലപ്പുറം - 295 വീടുകൾ<br>വയനാട് - 300 വീടുകൾ<br>കണ്ണൂർ - 47 വീടുകൾ<br>കാസർഗോഡ് - 70 വീടുകൾ<br><br>തൃശ്ശൂർ- നാഗത്താൻ പാറ കോളനിയിൽ 6 വീടുകൾ വൈദ്യുതീകരിക്കേണ്ടതുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭ്യമാകാത്തത് കൊണ്ടാണ് വൈദ്യുതീകരിക്കാൻ സാധിക്കാത്തത്. |
| (ബി) പ്രസ്തുത വീടുകൾ വൈദ്യുതീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതി ഉണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) DDUGJY, PVTG (Primitively Vulnerable Tribal Group) എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എംപി., എം.എൽ.എ., ഫണ്ട്, TSP ഫണ്ട് എന്നിവ ഉപയോഗിച്ച് വൈദ്യുതീകരണ പ്രവൃത്തികൾ നടത്തി വരുന്നു. |
| (സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ചേലക്കര നിയോജക മണ്ഡലത്തിൽ എത്രപേർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ; | (സി) 4675 പേർക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. |
| (ഡി) ചേലക്കര നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിക്കായി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ? | (ഡി) 221.98 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**